പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1892

16.06.2014-ലെ മറുപടിക്ക്.

# വൈപ്പിനിൽ ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ജനസംഖ്യാടിസ്ഥാനത്തിലും പ്രാദേശികമായ അത്യാവശ്യം കണക്കിലെടുത്തുമാണ് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നത്. ആയതിന് സ്ഥല സൗകര്യം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പോ മറ്റ് സംഘടനകളോ ഒരുക്കിത്തരേണ്ടതാണ്. |
| (ബി) കൊച്ചിൻ റിഫൈനറി, ഐ.ഒ.സി, പെട്രോനെറ്റ്, എൽ.എൻ.ജി, വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ തുടങ്ങിയ വൻപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മണ്ഡലമായ വൈപ്പിനിൽ ഫയർ സ്റ്റേഷൻ നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) വൈപ്പിനിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) 21.12.2011 ലെ സർക്കാർ ഉത്തരവ് (സാധാ) 3764/11/ആഭ്യന്തരം പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാപട്ടിക സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ 13-മതായി വൈപ്പിൻ ഉൾപ്പെട്ടിട്ടുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറയ്ക്ക് വൈപ്പിനിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | ഡി) ഉണ്ട്. പ്രസ്തുത നിവേദനത്തിന്റെ വെളിച്ചത്തിൽ വൈപ്പിനിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ